# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4372 21/03/2018-ന് മറുപടിക്ക്

## അന്തർ സംസ്ഥാന നദീജല കരാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) നദീ ജലം പങ്കിടുന്നത് സംബന്ധിച്ച് ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കേരളം കരാറിൽ ഏർപ്പെട്ടിട്ടുള്ളത് ; ഓരോ കരാറിന്റെയും പേരും കരാറൊപ്പിട്ട വർഷവും കാലാവധിയും ഇനം തിരിച്ച് വ്യക്തമാക്കാമോ ; | എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ 29.05.1970 ൽ ഒപ്പുവെച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ, 19.08.1973 ൽ ഒപ്പുവെച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29 ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവെച്ച പെരിയാർ പാട്ട കരാർ, 1970 ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് അവ.<br><br>പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. ശിരുവാണി കുടിവെള്ള പദ്ധതിയ്ക്ക് 99 വർഷത്തെ കാലാവധിയാണുള്ളത്. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. |
| ബി) ഓരോ നദീജല കരാർ അനുസരിച്ചും ഓരോ സംസ്ഥാനങ്ങൾക്കും ലഭ്യമാകേണ്ട | ബി) പി.എ.പി കരാർ പ്രകാരം ഒരു ജലവർഷം (ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള |

വെള്ളത്തിന്റെ അളവ് എത്രയെന്ന് കരാറിന്റെ പേരു സഹിതം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

കാലയളവ്) കേരളാതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ (ഉപയോഗിക്കാനാകാത്ത പ്രളയജലം ഒഴികെ) 7250 എം.സി.എഫ്.ടി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി. എഫ്.ടി. ജലവും കേരളത്തിന് അവകാശപ്പെട്ടതാണ്.

ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനതു നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല.

ഇതിനു പുറമെ പറമ്പിക്കുളം സിസ്റ്റം (പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകൾ) ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്കിൽ 16350 എം.സി.എഫ്.ടി. വരെ തമിഴ്നാടിനും, തനതുനീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും. ശേഷിക്കുന്ന ജലം ചാലക്കുടിപുഴയിലേക്കും വിടേണ്ടതാണ്.

ശിരുവാണി കുടിവെള്ള പദ്ധതി കരാർ അനുസരിച്ച് കേരളം ഓരോ വർഷവും 1300 ദശലക്ഷം ഘനയടി വരെ ജലം തമിഴ്നാട്ടിലെ കോയമ്പത്തൂർ മുനിസിപ്പൽ ടൗണിലേയും തൊട്ടടുത്തുള്ള സ്ഥലങ്ങളിലെയും കുടി വെള്ള ആവശ്യങ്ങൾക്കു വേണ്ടി നൽകണം. ഈ കരാർ പ്രകാരം കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ശിരുവാണി അണക്കെട്ടിൽ നിന്ന് 5.0 ക്യുസെക്സ് എന്ന

തോതിൽ കേരളത്തിലേക്ക് ജലത്തിന്റെ ഒഴുക്ക് നിലനിറുത്തേണ്ടതാണ്.

പെരിയാർ പാട്ട കരാർ പ്രകാരം കേരളത്തിന് ജലം ലഭിക്കാനുള്ള വ്യവസ്ഥയില്ല.

സി) കേരളത്തിൽ വേനൽ അതിരൂക്ഷമാകുന്ന സാഹചര്യത്തിൽ അന്തർ സംസ്ഥാന നദീജല കരാറുകൾ പ്രകാരം ലഭിക്കേണ്ട ജലം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി അർഹമായ ജലം എന്നു മുതൽ ലഭിച്ചു തുടങ്ങുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

സി) കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർ സംസ്ഥാന ജലവിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ 19.01.2018 ന് തിരുവനന്തപുരത്ത് ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയ്ക്ക് സമാന്തരമായി ജെ.ഡബ്ല്യു.ആർ.ബോർഡിന്റെ ഒരു എക്സ്ട്രാ ഓർഡിനറി മീറ്റിംഗ് ചേരുകയും. ഈ ചർച്ചയിൽ 2018 ഫെബ്രുവരി 15 വരെ 400 ക്യുസക്സ് എന്ന തോതിൽ മണക്കടവ് വിയറിൽ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതി ക്കുകയുണ്ടായി.

യോഗതീരുമാനമനുസരിച്ചുള്ള ജലം ഏറെക്കുറെ ലഭ്യമായിട്ടുണ്ട് . ഇതിനു പുറമെ 26.02.2018 ന് തമിഴ്നാടിലെ കോയമ്പത്തൂരിൽ കേരളത്തിന്റെ ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ പാലക്കാടിന്റെ ജോയിന്റ് ഡയറക്ടറും, തമിഴ്നാടിന്റെ ജലവിഭവ വകുപ്പ് കോയമ്പത്തൂർ റീജിയൺ ചീഫ് എഞ്ചിനിയറും തമ്മിൽ പി.എ.പി യിൽ നിലവിൽ ലഭ്യമായ ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ കേരളത്തിന് 2018 മാർച്ച് 1 വരെ മണക്കടവ് വിയറിൽ 400 ക്യുസക്സ് എന്ന തോതിലും, 2018 മാർച്ച് 1 മുതൽ മാർച്ച് 15 വരെ 300 ക്യുസക്സ് എന്ന

തോതിലും ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് സമ്മതിക്കുകയുണ്ടായി. തുടർന്നുള്ള ജല വിതരണം മാർച്ച് 15 ന് മുൻപായി ചേരാവുന്ന ഉന്നതതല യോഗത്തിൽ പി.എ.പിയിലെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാമെന്നും ധാരണയായി. യോഗ തീരുമാനമനുസരിച്ചുള്ള ജലം ഇപ്പോൾ മണക്കടവ് വിയറിൽ ലഭിക്കുന്നുണ്ട്. മാർച്ച് 15 മുതൽ കേരളത്തിന് ലഭ്യമാക്കേണ്ട ജലം സംബന്ധിച്ച നടപടികൾ തുടർന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**